## കൊല്ലം സിറ്റി പോലീസിന്റെ വൻ കഞ്ചാവ് വേട്ട- ജില്ലയിൽ കഞ്ചാവ് മൊത്തവ്യാപാരം നടത്തുന്ന സംഘത്തിലെ പ്രധാനി പിടിയിൽ.



കൊല്ലം : വീടിനുള്ളിൽ ട്രോളി ബാഗിൽ വലിയ പൊതികളിലാക്കി സൂക്ഷിച്ചിരുന്ന 18 കിലോ കഞ്ചാവ് കൊല്ലം സിറ്റി പൊലീസ് കമ്മീഷണറുടെ ഡാൻസാഫ് ടീമും, ഇരവിപുരം പൊലീസും ചേർന്ന് പിടിച്ചെടുത്തു. ശനിയാഴ്ച രാത്രിയിൽ നടന്ന റെയ്ഡിലാണ് കഞ്ചാവ് കണ്ടെടുത്തത്. കൈതപ്പുഴ പാലത്തിനടുത്ത് സുനിൽ മന്ദിരത്തിൽ അനു എന്നു വിളിക്കുന്ന അനിൽകുമാറിന്റെ വീട്ടിൽ നിന്നുമാണ് പൊലീസ് സംഘം കഞ്ചാവ് കണ്ടെത്തിയത്. ഇയാളെ അറസ്റ്റ് ചെയ്തു. ജില്ലയിൽ കഞ്ചാവ് മൊത്തവ്യാപാരം നടത്തുന്ന സംഘത്തിലെ പ്രധാനിയായ ഇയാൾ മുമ്പും സമാനമായ കേസുകളിൽ പിടിയിലായിട്ടുണ്ട്. കഞ്ചാവ് തൂക്കുന്നതിനുള്ള ഇലക്ട്രോണിക് ത്രാസും ഇവിടെ നിന്നും പൊലീസ് പിടിച്ചെടുത്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിലെ കഞ്ചാവ് വിൽപ്പനക്കാർക്ക് നൽകുന്നതിനായി വാങ്ങി കൊണ്ടുവന്ന് സൂക്ഷിച്ചിരുന്ന കഞ്ചാവാണ് പോലീസ് പിടിച്ചെടുത്തത്.

. രണ്ട് ദിവസത്തിനിടെ മയ്യനാട് പഞ്ചായത്ത് പ്രദേശത്തെ രണ്ടാമത്തെ കഞ്ചാവ് വേട്ടയാണിത്. കൈതപ്പുഴയിൽ കഞ്ചാവ് പിടിച്ചതറിഞ്ഞ് സ്ഥലത്തെത്തിയ എക്സൈസ് സി.ഐ.കൃഷ്ണകുമാർ പിടിയിലായ പ്രതിയുടെ ദേഹപരിശോധന നടത്തി. മയ്യനാട് കൈതപ്പുഴ കേന്ദ്രീകരിച്ച് കഞ്ചാവ് കടത്തു സംഘം പ്രവർത്തിക്കുന്നതായി സിറ്റി പൊലീസ് കമ്മീഷണർ റ്റി. നാരായണൻ ഐ.പി.എസ്സിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാന ത്തിലാണ് കൊല്ലം എസി .പി പ്രദീപ് കുമാറിന്റെ നിർദ്ദേശപ്രകാരം പൊലീസ് കൈതപ്പുഴ ഭാഗത്ത് നിരീക്ഷണം ശക്തമാക്കിയിരുന്നത്. ഇരവിപുരം എസ്.എച്ച്.ഓ. വിനോദ് കെ, ഇരവി പുരം എസ്.ഐ.അനീഷ് എ.പി, ഡാൻസാഫ് ടീം എസ്.ഐ.ജയകുമാർ, എസ്.ഐ.മാരായ ബിനോദ് കുമാർ, വനിതാ എസ്.ഐ നിത്യാസത്യൻ, സന്തോഷ്, സുനിൽ, എ.എസ്.ഐ ഷിബു.ജെ.പീറ്റർ, എസ്.സി.പി.ഒ.രാജേഷ്, ഡാൻസാഫ് ടീം അംഗങ്ങളായ ബൈജു പി. ജെറോം, മനു, ബൈജു, സീനു, റിബു, കൺട്രോൾ റൂമിൽ നിന്നെത്തിയ മനോജ്, സുജീഷ് ഗോപി എന്നിവർ റെയ്ഡിൽ പങ്കെടുത്തു